"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം - സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ നിര്യാതനായ സഈദുദ്ധീൻ കെ.സി.യുടെ ഭാര്യ ശ്രീമതി.ഷമീമ സി.പി-യ്ക്ക് സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകാൻ അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.**37/2024/TAXES** തീയതി,തിരുവനന്തപുരം, **26-06-2024**

---

പരാമർശം:-

1. **24.05.1999** ലെ സ.ഉ(പി)നം.**12/99**/ഉ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്
2. **21.02.2018** ലെ സ.ഉ(കൈ)നം.**05/2018**/ഉ.പ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്
3. **14.07.2023** ലെ സ.ഉ(പി)നം.**12/2023**/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്
4. ശ്രീമതി.ഷമീമ.സി.പി സമർപ്പിച്ച **29.11.2022** ലെ അപേക്ഷ
5. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ **17.12.2022** -ലെ **SLTY/4820/2022-E1** നമ്പർ കത്ത്.
6. കോഴിക്കോട് ജില്ലാ കളക്ടറുടെ **20.06.2023** -ലെ **DCKKD/1050/2023-S4** നമ്പർ കത്ത്.
7. **03.07.2023**ലെ **TAXES/H1/470/2022-TAXES** നമ്പർ സർക്കാർ കത്ത്
8. ശ്രീമതി.ഷമീമ സി.പി.യുടെ **13.10.2023** ലെ കത്ത്.

**ഉത്തരവ്**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ **28.04.2022**-ന് നിര്യാതനായ സഈദുദ്ധീൻ കെ.സി.യുടെ ഭാര്യ ശ്രീമതി.ഷമീമ സി.പി, താഹിറ മൻസിൽ, നീറ്റൂട്ടമ്മൽ, വാവാട് പി.ഒ, കൊടുവള്ളി, കോഴിക്കോട് എന്നയാൾ ആശ്രിത നിയമനത്തിനായി പരാമർശം **(1)**-ലെ വ്യവസ്ഥകൾ പ്രകാരം നല്കിയ പരാമർശം **(4)** പ്രകാരമുള്ള അപേക്ഷയും അനുബന്ധ രേഖകളും പരാമർശം **(5)** പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

**2)** പരേതനായ സഈദുദ്ധീൻ കെ.സി. **06.02.2012**-ന് സേവനത്തിൽ

പ്രവേശിച്ചതായി സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് പരേതന്റെ സേവനകാലം **10** വർഷവും **2** മാസവും **24** ദിവസവുമാണ്. പരേതന്റെ ജനന തീയതി **08.09.1980**-ഉം മരണ തീയതി **28.04.2022**-ഉം ആണെന്നും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

**3)** കോഴിക്കോട് ജില്ലാ കളക്ടർ പരാമർശം **(6)** പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ ശ്രീമതി.ഷമീമ സി.പി-യുടെ ജനനത്തീയതി **11.01.1993** ആണെന്നും ടിയാരിക്ക് **30** വയസ്സ് പൂർത്തിയായിട്ടുണ്ടെന്നും ശ്രീമതി.ഷമീമ.സി.പി എസ്.എസ്.എൽ.സി വിജയിച്ചിട്ടുണ്ടെന്നും അപേക്ഷകയുടെ വാർഷിക കുടുംബ വരുമാനം **₹5,83,912/-** (അഞ്ചു ലക്ഷത്തി എൺപത്തി മൂവായിരത്തി തൊള്ളായിരത്തി പന്ത്രണ്ട് രൂപ മാത്രം) ആണെന്നും അറിയിച്ചിരുന്നു. കൂടാതെ ശ്രീമതി.ഷമീമ.സി.പി പരാമർശം **(1)** ലെ വ്യവസ്ഥകൾ പ്രകാരം ആശ്രിത നിയമനത്തിന് അർഹയാണെന്നും പ്രസ്തുത വ്യവസ്ഥകൾ പ്രകാരം പരേതനായ ജീവനക്കാരന്റെ മറ്റ് ആശ്രിതരാരും നിയമനത്തിന് അപേക്ഷിച്ചിട്ടില്ലെന്നും കോഴിക്കോട് ജില്ലാ കളക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

**4)** താമരശ്ശേരി തഹസീൽദാർ നൽകിയ അനന്തരവാകശ സർട്ടിഫിക്കറ്റ് പ്രകാരം പരേതനായ സഈദുദ്ധീൻ കെ.സി.-യുടെ അനന്തരവകാശികളായി ഭാര്യ ഷമീമ.സി.പി, മകൾ മിൻഹ ഫാത്തിമ, മാതാവ് കദീജ, പിതാവ് മുഹമ്മദ് കെ.സി എന്നിവരാണുള്ളത്. ശ്രീമതി ഷമീമ സി.പി -യ്ക്ക് ആശ്രിത നിയമന പ്രകാരം ജോലി നൽകുന്നതിന് അനന്തരവകാശ സാക്ഷ്യപത്രത്തിലുൾപ്പെട്ട മറ്റെല്ലാവരും അവകാശം ഒഴിഞ്ഞ് സമ്മതപത്രം നൽകിയിട്ടുണ്ട്. പരാമർശം **(2)** & **(3)** പ്രകാരമുള്ള സംരക്ഷണ മൊഴി അപേക്ഷക ഹാജരാക്കിയിട്ടുമുണ്ട്.

**5)** ശ്രീമതി.ഷമീമ സി.പി സമർപ്പിച്ച അപേക്ഷ, ബന്ധപ്പെട്ട രേഖകൾ, സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെയും കോഴിക്കോട് ജില്ലാ കളക്ടറുടെയും റിപ്പോർട്ടുകൾ എന്നിവ വിശദമായി പരിശോധിച്ചതിൽ അപേക്ഷക സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അർഹയാണെന്ന് കണ്ടെത്തുകയുണ്ടായി. എന്നാൽ പരാമർശം **(4)** പ്രകാരമുള്ള അപേക്ഷയിൽ ജോലി ലഭിക്കാൻ താല്പര്യമുള്ള തസ്തിക രേഖപ്പെടുത്തിയിട്ടില്ലാഞ്ഞതിനാൽ പരാമർശം **(6)** പ്രകാരം കോഴിക്കോട് ജില്ലാ കളക്ടർ ശിപാർശ ചെയ്ത ക്ലർക്ക് തസ്തികയിലെ നിയമനത്തിന് സമ്മതമാണോ എന്ന വിവരം അറിയിക്കാൻ ശ്രീമതി ഷമീമ സി.പി.-യ്ക്ക് പരാമർശം **(7)** ലെ കത്ത് പ്രകാരം നിർദ്ദേശം നല്കുകയും പരാമർശം **(8)** പ്രകാരം ടിയാരി ലഭ്യമാക്കിയ മറുപടിയിൽ, തന്നെ ക്ലർക്ക് തസ്തികയിലെ നിയമനത്തിന് പരിഗണിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തു.

**6)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ജോലിചെയ്തുവരവേ നിര്യാതനായ സഈദുദ്ധീൻ കെ.സി-യുടെ ഭാര്യ ശ്രീമതി ഷമീമ സി.പി-യ്ക്ക് പരാമർശം **(1)**-ലേയും തുടർ ഭേദഗതി ഉത്തരവുകളിലേയും വ്യവസ്ഥകൾക്കു വിധേയമായി, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ ക്ലർക്ക്

തസ്തികയിൽ നിയമനം നല്കുന്നതിന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

7) അപേക്ഷകയുടെ സ്വഭാവം, പൂർവ്വചരിത്രം എന്നിവ പരിശോധിച്ച്, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നല്കുമ്പോൾ പാലിക്കേണ്ട മറ്റ് നടപടി ക്രമങ്ങൾ പാലിച്ച് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ നിയമന ഉത്തരവ് പ്രത്യേകമായി പുറപ്പെടുവിക്കേണ്ടതാണ്.

8) അപേക്ഷ സമർപ്പിച്ച സമയത്തോ, വകുപ്പുതലത്തിൽ അന്വേഷണം നടത്തിയ സമയത്തോ അപേക്ഷക വസ്തുതകൾ തെറ്റിദ്ധരിപ്പിച്ചതായോ, മറച്ചുവച്ചിരുന്നതായോ പിന്നീടുള്ള പരിശോധനയിൽ ബോദ്ധ്യപ്പെടുകയാണെങ്കിലോ, നിയമനാനുമതി നൽകിയ ശേഷമുള്ള പരിശോധനയിൽ എന്തെങ്കിലും കാരണത്താൽ ഉത്തരവ് തെറ്റായിട്ടാണ് പുറപ്പെടുവിച്ചതെന്ന് കാണുകയാണെങ്കിലോ നിയമന ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

9) ശ്രീമതി.ഷമീമ സി.പി-യ്ക്ക് നിയമനം നൽകിയ വിവരം പരേതന്റെ സേവന പുസ്തകത്തിലും പരേതൻ സേവനത്തിന്റെ അവസാന കാലഘട്ടത്തിൽ ജോലി നോക്കിയിരുന്ന ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തി യിരിക്കേണ്ടതും അത് ഓഫീസ്/വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വന്ദന എസ് കെ എ എസ്
അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീമതി ഷമീമ സി.പി, താഹിറ മൻസിൽ, നീറ്റൂട്ടമ്മൽ, വാവാട് പി.ഒ, കൊടുവള്ളി, കോഴിക്കോട്-673572 (രജിസ്റ്റേർഡ് പോസ്റ്റ് മുഖാന്തിരം)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
5. ജില്ലാ കളക്ടർ, കോഴിക്കോട്
6. വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂമീഡിയ)
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (TAXES-H1/470/2022-TAXES)

ഉത്തരവിൻ പ്രകാരം

Signed by Babu. G
Date: 26-06-2024 14:38:31

സെക്ഷൻ ഓഫീസർ